**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2024 — 07.03.2017-ൽ മറുപടിയ്ക്ക്

## കൊച്ചി സംയോജിത ജലഗതാഗത പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി സംയോജിത ജലഗതാഗത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) | കൊച്ചിയിലേയും പ്രാന്തപ്രദേശങ്ങളിലെ ദ്വീപുകളിലേയും പൊതുജനങ്ങൾക്ക് സുഗമവും സുരക്ഷിതവുമായ യാത്രാസൗകര്യം ഒരുക്കുക വഴി അവരുടെ ജീവിതനിലവാരം ഉയർത്തുക; അത് ലക്ഷ്യമാക്കി ഉയർന്ന സുരക്ഷാനിലവാരത്തിലുള്ള ആധുനിക ബോട്ടുകളും, ബോട്ട്ജെട്ടികളും ലഭ്യമാക്കുക ; പൊതു ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ കൊച്ചി നഗരത്തിലെ വർദ്ധിച്ചു വരുന്ന ഗതാഗത കുരുക്കിന് പരിഹാരമുണ്ടാക്കുക എന്നിവയാണ് കൊച്ചി സംയോജിത ജലഗതാഗത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. 38 ബോട്ട്ജെട്ടികളും, 78 ബോട്ടുകളും, ദ്വീപുകളിലുള്ള റോഡുകളുടെ വികസനവും ബോട്ട് ജെട്ടികളേയും മെട്രോ റെയിൽ സ്റ്റേഷനുകളെയും ബന്ധിപ്പിച്ചുള്ള ഫീഡർ ബസ് സർവ്വീസും വാട്ടർ മെട്രോയുടെ ഭാഗമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ ; | (ബി) | ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് (DPR) പ്രകാരം മൊത്തം പദ്ധതി ചെലവ് 747.28 കോടി രൂപയാണ്. |
| (സി) | ടി പദ്ധതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (സി) | പദ്ധതി സംബന്ധിച്ച സംക്ഷിപ്തക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതി/ വാട്ടർ മെട്രോ പദ്ധതി സംബന്ധിച്ച സംക്ഷിപ്തക്കുറിപ്പ്

കൊച്ചിയിൽ ഒരു സംയോജിത ജലഗതാഗത സംവിധാനം നടപ്പിലാക്കുന്നതിനു വേണ്ടി ആധുനികവും സുരക്ഷിതവുമായ ജലയാനങ്ങൾ ഒരുക്കുന്നതിനും, ബോട്ടുജെട്ടികൾ, അനുബന്ധറോഡുകൾ, വഴിവിളക്കുകൾ എന്നിവ ഉൾപ്പെടെയുള്ള അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും ലക്ഷ്യം വച്ചുള്ളതാണ് സംയോജിത ജലഗതാഗത പദ്ധതി. കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് 2012 ജൂലൈയിൽ അനുമതി നല്കുമ്പോൾ കേന്ദ്ര സർക്കാർ മുന്നോട്ടു വച്ച നിബന്ധനകളിൽ ഒന്നാണ് കൊച്ചി നഗര ഗതാഗത മേഖലയിലെ എല്ലാവിധ ഗതാഗത മാർഗ്ഗങ്ങളുടെയും നവീകരണവും ഏകോപനവും. വിവിധ ഗതാഗത മാർഗ്ഗങ്ങളുടെ ഏകീകരണമായിരുന്നു വിദേശ ഫണ്ടിംഗ് ഏജൻസികളും മുന്നോട്ടുവച്ച ഒരു നിബന്ധന.

കൊച്ചി കായലിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് വൻകരയിലേക്കുള്ള യാത്രസൗകര്യം മെച്ചപ്പെടുത്തുകയും അങ്ങനെ അവരുടെ ജീവിതമാർഗ്ഗങ്ങൾ വികസിപ്പിക്കുകയും അവരുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. കൂടാതെ കൊച്ചി മേഖലയിലെ മൊത്തത്തിലുള്ള പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഇതിനോടകംതന്നെ ഗതാഗതക്കുരുക്കുകൊണ്ട് ശ്വാസം മുട്ടുന്ന കൊച്ചി നഗരത്തിലെ റോഡ് നെറ്റ് വർക്കിൽ വ്യക്തിഗത വാഹനങ്ങളെ, പ്രത്യേകിച്ച് കാറുകളെ ആശ്രയിക്കുന്നത് കുറയ്ക്കുക എന്നതും ഇതിന്റെ ഒരു ഭാഗമാണ്. ഇടുങ്ങിയതും, ശ്വാസംമുട്ടിക്കുന്നതുമായ നഗര റോഡുകളിലെ തിരക്കും മലിനീകരണവും കുറയ്ക്കുന്നതിനായി ദ്വീപുകളേയും ജലഗതാഗതമാർഗ്ഗങ്ങളേയും ബന്ധിപ്പിച്ച് ജനജീവിതം സാധ്യമാക്കുക എന്നത് കൊച്ചിയുടെ തനത് ഉൾനാടൻ ജലഗതാഗത അടിസ്ഥാനസൗകര്യങ്ങളുടെ നവീകരണത്തിനായുള്ള ഒരു പ്രധാന ലക്ഷ്യമാണ്.

വിദേശ ധനകാര്യ ഏജൻസികളായ AFD, KfW എന്നിവയുമായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ചർച്ച നടത്തുകയും KfW നെ പദ്ധതിയിൽ മുതൽമുടക്കാൻ തെരഞ്ഞെടുക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ഏകദേശം 80 ദശലക്ഷം യൂറോ പദ്ധതി ചെലവിൽ ജലഗതാഗത വികസനത്തിനായി UMTC (Urban Mass Transit Company Ltd.) മുഖേന ഒരു വിശദമായ പഠനറിപ്പോർട്ട് (DPR) തയ്യാറാക്കി. 4 വർഷം കൊണ്ട് പൂർത്തീകരിക്കപ്പെടുന്ന തരത്തിൽ നൂതന നാവികസുരക്ഷ ഉറപ്പാക്കിയ ബോട്ട് ജട്ടികളും, യാനങ്ങളും ഉൾപ്പെടുത്തിയ 76 കിലോമീറ്റർ ജലഗതാഗത മാർഗ്ഗവികസനം DPR ലക്ഷ്യമിടുന്നു. ജലഗതാഗത മാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട് താമസിക്കുന്ന 3 ലക്ഷം ജനങ്ങളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റപ്പെടുമെന്നും

പ്രസ്തുത റിപ്പോർട്ട് വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ തുടക്കത്തിൽ 35,000 ഉം ക്രമേണ 90,000 ഉം യാത്രികർ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

19.11.2015 ലെ സ.ഉ. (കൈ)നം. 73/15/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് വേഗതയേറിയതും സുരക്ഷിതവുമായ ജലയാനങ്ങൾ ഉപയോഗിച്ച് ജലഗതാഗതം ആധുനിക വത്ക്കരിക്കുന്നതിനും കൂടാതെ കൊച്ചി കായലിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനും വേണ്ടി 579.71 കോടി രൂപ (85 മില്ല്യൻ യൂറോ) വായ്പയും സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതമായി 102.30 കോടിരൂപയും ചേർത്ത് ആകെ 682.01 കോടിരൂപ (ഭൂമിഏറ്റെടുക്കലിനുള്ള തുക ഉൾപ്പെടുത്താതെ) ചെലവ് പ്രതീക്ഷിച്ചുകൊണ്ട് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അംഗീകരിച്ചുകൊണ്ട് ജർമ്മൻ വായ്പാ ഏജൻസിയായ ക്രെഡിറ്റൻസ്റ്റാൾട്ട് ഫർ വെദർവബു (കെ.എഫ്.ഡബ്ല്യു)ന്റെ സാമ്പത്തിക സഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. 65.27 കോടി രൂപ പിന്നീട് അനുയോജ്യമായ പൊതുസ്വകാര്യ പങ്കാളിത്തം വഴി കണ്ടെത്താനും തീരുമാനിച്ചു .

തുടർന്ന് 13.6.2016 ലെ സ.ഉ.(കൈ) നം.44/16/ഗതാഗതം ഉത്തരവ് പ്രകാരം കൊച്ചിയിൽ ഒരു ജലഗതാഗത സംവിധാനം നടപ്പാക്കുന്നതിനായി KfW യുവിൽ നിന്ന് വിദേശ വായ്പ ലഭ്യമാക്കുന്നതിനാ യുള്ള പദ്ധതിക്കരാറിൽ ഏർപ്പെടുന്നതിന് അനുമതി നല്കുകയും പ്രസ്തുത കരാറിൽ സംസ്ഥാന സർക്കാരിനുവേണ്ടി ഒപ്പുവയ്ക്കുന്നതിനായി അഡീ.ചീഫ് സെക്രട്ടറി (ട്രാൻസ്പോർട്ട് -മെട്രോ) യെ ചുമതലപ്പെടുത്തുകയുമുണ്ടായി. ഇതേ തുടർന്ന് ജൂൺ 17, 18 എന്നീ തീയതികളിൽ ന്യൂ ഡൽഹിയിൽ വെച്ച് വായ്പാ കരാറും (കേന്ദ്ര സർക്കാരും KfW യും തമ്മിൽ) പദ്ധതി കരാറും (സംസ്ഥാന സർക്കാരും കെ.എം.ആർ. എൽ-ഉം KfW യും തമ്മിൽ) ഒപ്പു വയ്ക്കുകയുമുണ്ടായി. തുടർന്ന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു.മുഖ്യമന്ത്രി 23.7.2016 ന് കൊച്ചിയിലെ കോതാട് വെച്ച് നിർവ്വഹിക്കുകയുണ്ടായി.

ആഗോള ടെൻഡർ പ്രക്രിയയിലൂടെ ജനറൽ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയാണ്. ഇതിനായുള്ള താത്പര്യപത്രം ക്ഷണിക്കുന്ന നടപടികൾ 23.08.2016-ന് പൂർത്തീകരിക്കുകയും, ഇതിൻ പ്രകാരം തെരഞ്ഞെടുത്ത മൂന്ന് കൺസോർഷ്യത്തെ ഉൾപ്പെടുത്തി 26.12.2016-ന് ടെണ്ടർ പരസ്യപ്പെടുത്തുകയും ചെയ്തു. 28.02.2017-ന് ടെണ്ടർ തുറക്കുകയും തുടർന്നുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ഏപ്രിൽ മാസത്തോടെ KfW-ന്റെ അംഗീകാരത്തോടെ ജനറൽ കൺസൾട്ടന്റിനെ നിയമിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഡീറ്റെയ്‌ൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന ബോട്ടു ജെട്ടികളുടെ പട്ടിക

| ക്രമ നം. | ബോട്ട് ജെട്ടികൾ |
|---|---|
| 1 | സൗത്ത് ചിറ്റൂർ |
| 2 | മുളവുകാട് പഞ്ചായത്ത് |
| 3 | എറണാകുളം |
| 4 | തേവര |
| 5 | കുമ്പളം |
| 6 | എംബാർക്കേഷൻ |
| 7 | ഫോർട്ട് കൊച്ചി |
| 8 | വൈപ്പിൻ |
| 9 | മട്ടാഞ്ചേരി |
| 10 | ഹൈക്കോർട്ട് |
| 11 | വൈറ്റില |
| 12 | കാക്കനാട് |
| 13 | പിഴല |
| 14 | കോതാട് |
| 15 | ചെന്നൂർ |
| 16 | എളംകുന്നപ്പുഴ |
| 17 | വരാപ്പുഴ |
| 18 | കടമക്കുടി |
| 19 | പൊന്നാരിമംഗലം |
| 20 | താന്തോന്നിത്തുരുത്ത് |
| 21 | ഇടക്കൊച്ചി |
| 22 | ബോൾഗാട്ടി |
| 23 | മുളവുകാട് ഹോസ്പിറ്റൽ |
| 24 | കൊറുങ്കോട്ട |
| 25 | മുളവുകാട് നോർത്ത് |
| 26 | ഏലൂർ |
| 27 | ഇൻഫോപാർക്ക് |
| 28 | നെട്ടൂർ |

| | |
|---|---|
| 29 | തൈക്കൂടം |
| 30 | മൂലമ്പിള്ളി |
| 31 | തോപ്പുംപടി |
| 32 | തുണ്ടത്തുംകടവ് |
| 33 | ഏലൂർ |
| 34 | ചേരാനല്ലൂർ |
| 35 | പാലിയംതുരുത്ത് |
| 36 | ചാരിയംതുരുത്ത് |
| 37 | ആസ്റ്റർ മെഡിസിറ്റി |
| 38 | അമൃത ഹോസ്പിറ്റൽ |

## ഡി.പി.ആർ പ്രകാരമുള്ള റൂട്ടുകളുടെ പട്ടിക

| നമ്പർ | റൂട്ടുകൾ |
|---|---|
| 1 | സൗത്ത് ചിറ്റൂർ - എറണാകുളം |
| 2 | ഇടക്കൊച്ചി - തേവര |
| 3 | എറണാകുളം - വൈപ്പിൻ |
| 4 | എറണാകുളം - മട്ടാഞ്ചേരി |
| 5 | ഹൈക്കോർട്ട് - മുളവുകാട് |
| 6 | വൈറ്റില - ഇൻഫോപാർക്ക് |
| 7 | കമ്പളം - തേവര |
| 8 | ഇൻഫോപാർക്ക് - ഇടക്കൊച്ചി |
| 9 | മുളവുകാട് - സൗത്ത് ചിറ്റൂർ |
| 10 | ഇടക്കൊച്ചി - വൈപ്പിൻ |
| 11 | സൗത്ത് ചിറ്റൂർ - ചേരാനല്ലൂർ |
| 12 | എളംകുന്നപ്പുഴ - ഹൈക്കോർട്ട് |
| 13 | കടമക്കുടി - പാലിയംതുരുത്ത് |
| 14 | ചെന്നൂർ - തുണ്ടത്തുംകടവ് |
| 15 | ചാരിയംതുരുത്ത് - ചെന്നൂർ |
| 16 | കോതാട് - അമൃത ഹോസ്പിറ്റൽ |